RESOLUTION No. 9

Abolition of Special Communal electorate in the State

Mr. A. V. Moothedan *(Chalakkudi)*: I beg to move the following resolution:—"This Council recommends to Government that a Committee be appointed for the purpose of suggesting ways and means for the abolition of the special communal electorate in the State." I do not know whether there will be any opposition from the non-official side.

Deputy President: I may point out to the House the implication of this resolution. If this resolution is accepted, the House will be committed to the principle of abolition of special communal electorates.

Mr. A. V. Moothedan *(Chalakkudi)*: This special communal electorate is a retrograde measure. No democratic country will follow that. Under certain circumstances it was introduced in British India and British India is a vast continent. There are very large number of backward or depressed classes there. So some special safeguards are made there so that these poor backward people may get some representation. That was the reason which induced the British Government to introduce communal electorate in British India. Whatever may be conditions in British India, we don't want this system in our State. There was no special communal electorate till the year 1113. In 1112, I moved a resolution that the franchise qualification should be reduced to Re. 1. On that resolution Government appointed a Committee and the Hon'ble Deputy President was a member of the Committee. He was also influencing in a way the recommendation of the Committee. The Franchise Committee recommended that the Latin Christians and the Ezhuvas should be given special communal electorates. The President of the Committee, Mr. Sahasranama Ayyar, says that he recommends this measure with much hesitation because he was satisfied that it was a very retrograde step and an anti-democratic measure. On the day that recommendation was brought to the notice of the public, then agitation began. There was prolonged controversy in the newspapers regarding special communal electorates to Latin Christians. Ezhuvas also were agitating. Mr. Panicker, Mr. Viswambharan and Mr. Krishnankutty made representations to the then Diwan protesting against the special communal electorates. But the Latin Christian Community fortunately or unfortunately were silent. There were only about half a dozen Latin Christians who wanted this special communal electorates. The Latin Christian Conference never passed a resolution supporting this special communal electorates, as recommended by the Franchise Committee.

Mr. M. L. Joseph *(Latin-Christians-Cranganur)*: I may tell my Hon'ble friend that this is a mistake, because the Latin Christian Conference submitted a Memorandum for the consideration of the Franchise Committee.

Mr. M. Sivarama Menon *(Advocate-General)*: I was a member of the Committee and I know there was a specific memorandum from the Latin Christian Conference.

Mr. A. V. Moothedan *(Chalakkudi)*: It is a small organization, when compared with the S. N. D. P. or the Congress. The Latin Christian Conference is not functioning. I ask you when was your last annual conference held?

Mr. M. L. Joseph *(Latin-Christians-Cranganur)*: Three months before.

Mr. A. V. Moothedan *(Chalakkudi)*: When did you hold the annual meeting previous to that?

Mr. M. L. Joseph *(Latin-Christians-Cranganur)*: I want notice.

Mr. A. V. Moothedan *(Chalakkudi)*: Probably four years before. It is quite wrong in principle to grant special communal electorate. Any member elected through the medium of special communal electorate can discuss here any subject appertaining to any other community. For instance there are matters concerning the Syrian Christians alone. The Ezhuvas will be discussing those questions and voting. Now what I want to submit to the house is that there is no community called the Latin Christian Community. It is included in the Roman Catholic Community. Some people who want to get themselves employed have created such a new community.

Deputy President: We are on the resolution of the special communal electorate.

Mr. A. V. Moothedan *(Chalakkudi)*: What I am going to say is we are all followers of Christ. So there is no difference. We take part in the marriages. Hundreds are also married from one community to the other. We have got homogenous habits, homogenous customs. That is one test. The son of a Latin Christian leader married a Romo-Syrian girl recently.

Mr. M. L. Joseph *(Latin-Christians-Cranganur)*: They may be stray cases.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. V. Moothedan *(Chalakkudi)*: People in Mukundapuram and Trichur and other taluks cannot distinguish between Latin Christians and Romo-Syrians. People in our parts think they are all Roman Catholics belonging to one community. Inter-marriages are common. To give a classical example, Thengummoottil Thresiamma married Mr. Clitus. The Editor of the Malabar Mail, Mr. Kithu married a Latin Christian Lady.

Deputy President: Even if there are communal distinctions, you want to abolish, communal electorates. That is your position. Then why should you try to prove that there is no difference between Romo-Syrians and Latin Christians? I do not think that the discussion is relevant here.

Mr. A. V. Moothedan *(Chalakkudi)*: I must satisfy the House that there is no difference. Other members might argue that these are different communities.

Deputy President: Even if you eliminate Latin Christians then the Muslims and Ezhuvas remain.

Mr. A. V. Moothedan *(Chalakkudi)*: Muslims are not given special communal electorate Regarding Ezhuvas they have declared that they are against special communal electorates. I wish to quote one instance to show that the Latin Christians do not want special communal electorate. In 1117 Chingam there was a Municipal election—election in the 9th ward. 75 per cent of the voters are Latin Christians. 25 per cent are Hindus and other communities. A young prominent Latin Christian leader stood as a candidate and the rival candidate was a Muslim. You must know the result; it is interesting. 75 per cent of the votes were secured by the Muslim and the Latin Christian leader failed. What I want to say is the rank and file of the Latin Christians do not want this communal difference. Half-a-dozen so-called leaders are trying their level best to create artificial distinction and communities. So, this is a clear illustration that the rank and file of the Latin Christian community are against the special communal electorates. They have shown it without any doubt. The Ezhuvas have jointly declared that they do'nt want special communal electorates. Regarding details as to how it should be abolished, whether any safeguards are necessary and so on that is a matter which requires consideration. Therefore, a small committee may be appointed to work up details.

Mr. A. Eachara Menon *(Chittur-Rural)*: I second it.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, പ്രമേയം ഇതാണ്.

"The Council recommends to Government that a committee be appointed for the purpose of suggesting ways and means for the abolition of special communal electorate in the State."

ഞങ്ങൾ പ്രത്യേകനിയോജകമണ്ഡലം മാറ്റി റിസർവേഷനാക്കിക്കിട്ടണമെന്നുള്ള വാദം ഇവിടെ കൊണ്ടുവന്നിട്ടുണ്ടെങ്കിലും ഈ റസല്യൂഷൻകൊണ്ട് ആ ഉദ്ദേശങ്ങളൊന്നും വരുന്നില്ല. ഇപ്പോൾ കാലം പരിഷ്കരിച്ചുവന്നതോടുകൂടി ഫ്രാഞ്ചൈസ്തന്നെ ആകെ ഒന്നു പരിഷ്കരിക്കേണ്ടിയിരിക്കുന്നു. അങ്ങിനെയുള്ള ഒരു ഫ്രാഞ്ചൈസ് കമ്മിറ്റി രൂപീകരിക്കണമെന്നുള്ള ഒരു പ്രമേയമാണ് ഇവിടെ കൊണ്ടുവന്നിരുന്നതെങ്കിൽ അതിനെ സപ്പോർട്ടുചെയ്യാമായിരുന്നു. ആ ഉദ്ദേശമല്ല ഈ പ്രമേയത്തിലുള്ളതെന്നു കാണുന്നതുകൊണ്ട് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

മിസ്റ്റർ ബി. എം. പീറ്റർ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ അവർകളും എല്ലാ സമുദായക്കാരേയും ഒന്നായിട്ടു കണക്കാക്കത്തക്കതരത്തിൽ ലത്തീൻക്രസ്ത്യൻ കമ്മ്യൂണിറ്റിയുടെ സ്ഥിതിഗതികളും എന്താണെന്ന് ഇവിടെ വിശദീകരിക്കുകയുണ്ടായി. അതോടുകൂടിത്തന്നെ ഈഴവക്കമ്മ്യൂണിറ്റിയുടെ കാര്യങ്ങളും അദ്ദേഹം ഇവിടെ വിശദമാക്കി. അതുപോലെതന്നെ മുസ്ലീം കമ്മ്യൂണിറ്റിയുടെ വിവരങ്ങളും അദ്ദേഹം ഈ സഭയെ ധരിപ്പിച്ചു. ഇങ്ങിനെ സമ്പൂർണസ്വാതന്ത്ര്യവും സമ്പൂർണസ്ഥാനവും കിട്ടിയിരിക്കുന്ന ഈ മെമ്പർ ഈതരത്തിലുള്ള ഒരു റസല്യൂഷൻ കൊണ്ടുവന്നതിൽ അത്ഭുതപ്പെടുവാനില്ല. ഈതരത്തിലുള്ള റസല്യൂഷൻ പലപ്രാവശ്യവും ഈ മെമ്പർതന്നെ സഭമുമ്പാകെ അവതരിപ്പിക്കുകയും ആ അവസരങ്ങളിലെല്ലാം ഈ സഭയുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായം ഇന്നതാണെന്ന് അദ്ദേഹത്തിനു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതാണ്. എന്നാൽ ഇവിടെ ഒരു ഫ്രാഞ്ചൈസ് രൂപീകരിക്കുവാനുള്ള ഒരവസരം ഇപ്പോൾ ആസന്നമായിട്ടില്ല.

മിസ്റ്റർ വി. ജെ. മത്തായി: ഫ്രാഞ്ചൈസ് അല്ല. ഫ്രാഞ്ചൈസ് എന്നു പറഞ്ഞാൽ വോട്ടവകാശമെന്നാണർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ബി. എം. പീറർ: അതിനുള്ള സമയം ഇപ്പോഴും വന്നിട്ടില്ലാത്തതുകൊണ്ട് ഇങ്ങിനെ പ്രത്യേകമായ ചില സമുദായങ്ങൾക്ക് ചില പരിരക്ഷകൾ കൊച്ചിരാജ്യത്തു് അനുവദിച്ചിട്ടുള്ളതിനെ പാടെ നശിപ്പിക്കുന്നതിനു തുനിയുമ്പോൾ അതു ശരിയാണൊ എന്നു് മുൻകൂട്ടി അല്പം ആലോചിക്കേണ്ടതുണ്ടെന്നാണു് എന്റെ വിനീതമായ അപേക്ഷ. എന്റെ സമുദായത്തിൽപ്പെട്ടവർ ഈ കൊച്ചി സംസ്ഥാനത്തു് ഏതാണ്ടു് ഫൽ ലക്ഷത്തോളമുണ്ടു്.

മിസ്റ്റർ ഏ. വി. മൂത്തേടൻ: ശരിയല്ല. ഒരുലക്ഷത്തിൽ താഴെയുള്ളു.

മിസ്റ്റർ ബി. എം. പീറർ: സെൻസ്സ് റിപ്പോർട്ട് എടുത്തുനോക്കിയാൽ കാണാം.

മിസ്റ്റർ ഏ. വി. മൂത്തേടൻ: പിന്നീടു് റോമോസിറിയൻസിനെ പിടിച്ചു് ലത്തീൻ ക്രസ്ത്യാനികളാക്കിയിട്ടുണ്ടായിരിക്കും.

മിസ്റ്റർ ബി. എം. പീറർ: എന്നാൽ സെൻസസ്സു് റിപ്പോർട്ട് ശരിയല്ല എന്നു പറയാമോ?

മിസ്റ്റർ ഏ. വി. മൂത്തേടൻ: ആയിരക്കണക്കിനു് റോമോസിറിയൻസിനെ ലത്തീൻ ക്രസ്ത്യാനികളാക്കിയിട്ടുണ്ടു്.

മിസ്റ്റർ ബി. എം. പീറർ: ഇങ്ങനെ ഒന്നര ലക്ഷത്തോളം വരുന്ന ഒരു ജനസമുദായത്തിന്റെ അവകാശത്തെ നശിപ്പിക്കുന്ന ഒരു കൌശലപ്രയോഗമാണു് ഇതു്. ഞങ്ങളുടെ സമുദായത്തെ പ്രതിനിധീകരിക്കുന്നതിനു ഈ മെമ്പറല്ല, ഞങ്ങളാണു് തികച്ചും യോഗ്യർ. ഗവ മ്മെണ്ടിന്റേയും അന്നത്തെ സഭയുടേയും ഔദാര്യബുദ്ധികൊണ്ടു് മൂന്നു മെമ്പർമാർ ഈ കൌൺസിലിൽ പറഞ്ഞിരുത്തുവാൻ ഇടവന്നു. അതിനു് ഞാൻ ഈ സഭയോടും ഗവമ്മെണ്ടിനോടും നന്ദിപറയുകയും ചെയ്യുന്നു. ഇപ്രകാരം അവശതകൾ അനുഭവിക്കുന്ന ചില സമുദായങ്ങൾക്കു് പ്രത്യേകമായ ചില ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുത്തിട്ടാണു് അവരെ രക്ഷിച്ചു പോരുന്നതു്. ആ ഉദ്ദേശത്തെ അടിസ്ഥാനപ്പെടുത്തിയാണു് അവശസമുദായങ്ങൾക്കു് ഉദ്യോഗദാനം ചെയ്യുന്ന കാര്യത്തിൽ ഇവിടെ ഒരു സ്റ്റാഫ് സെലക്ഷൻബോർഡ് രൂപീകൃതമാക്കുകയും അതുവഴി അവശസമുദായങ്ങൾക്കുള്ള പരിരക്ഷകൾ നിർണ്ണയിക്കുകയും ചെയ്തുവരുന്നതു്. ഇങ്ങനെയുള്ള സമുദായവാദങ്ങളെല്ലാം ബഹുമാനപ്പെട്ട ചാലക്കുടിമെമ്പർ പാടെ ഉപേക്ഷിച്ചു കാണുന്നതിൽ ഞാൻ വ്യസനിയ്ക്കുയാണു് ചെയ്യുന്നതു്. എന്നാൽ ലത്തീൻക്രസ്ത്യാൻ കമ്മ്യൂണിറ്റിയെപ്പറ്റി ഈവിധത്തിൽ ഒരഭിപ്രായം പറയുന്നതിനുമുമ്പായി ആ മെമ്പർ സമുദായത്തിന്റെ ശരിയായ അഭിപ്രായം അറിയേണ്ടതായിരുന്നു.

മിസ്റ്റർ ഏ. വി. മൂത്തേടൻ: നിങ്ങളുടെ ജനറൽ മീറ്റിംഗിൽ ഈ അഭിപ്രായം കൊണ്ടുവരാമായിരുന്നില്ലേ?

മിസ്റ്റർ ബി. എം. പീറർ: ഇതിനെപ്പറ്റി ലത്തീൻക്രസ്ത്യാനികളുടെ ഒരു മെമ്മോറാണ്ടംതന്നെ ഞങ്ങൾ ഗവമ്മെണ്ടിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടു്. മിസ്റ്റർ മൂത്തേടൻ ഇങ്ങനെയൊരു റസല്യൂഷൻ കൊണ്ടുവരാൻപോകുന്ന എന്ന കരുതി ആ സാഹസത്തിനു പുറപ്പെട്ടില്ല. പിന്നെ ബഹുമാനപ്പെട്ട മെമ്പർ "ഞങ്ങളെല്ലാം ഒരു സമുദായക്കാരാണു്, എല്ലാവരേയും ഒരുപോലെയാണു് ഞങ്ങൾ കണക്കാക്കുന്നതു്, ഞങ്ങളിൽ യാതൊരു വ്യത്യാസവുമില്ല, ഇൻറർമാരീജുകൂടി നടത്തുന്നുണ്ടു്" എന്നൊക്കെ പറയുകയുണ്ടായി. അങ്ങിനെയാണെങ്കിൽ ഇപ്രകാരമുള്ള ഒരു പരിരക്ഷ അവക്കു് കൊടുക്കുന്നതുകൊണ്ടു് യാതൊരു വിരോധവും ഈ മെമ്പക്കു് ഉണ്ടാകാനവകാശമില്ലല്ലോ?

മിസ്റ്റർ വി. ജെ. മത്തായി: സീറ്റു കൂടക്കണമെന്നദ്ദേഹം പറയുന്നില്ല. എല്ലാവരും വോട്ടുചെയ്യണമെന്നേ പറയുന്നുള്ളു.

മിസ്റ്റർ ഏ. വി. മൂത്തേടൻ: കമ്മ്യൂണൽ എലക്ടറേറ്റ് വേണമെന്നേ ഞാൻ പറഞ്ഞിട്ടുള്ളു.

മിസ്റ്റർ ബി. എം. പീറർ: എന്നാൽ ഇതിനുമുമ്പുതന്നെ അതു് ആലോചിക്കാമായിരുന്നില്ലേ? ആയതുകൊണ്ടു് ഈ പ്രമേയത്തെ എതുക്കാതിരിക്കുവാൻ എനിക്കു നിവൃത്തിയില്ല.

മിസ്റ്റർ സി. വി. ഇയ്യു: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ലത്തീൻക്രസ്ത്യാൻ, റോമോസിറിയൻ എന്നീ വ്യത്യാസങ്ങൾ ഇല്ല എന്നുള്ളതു് യഥാർത്ഥമാണു് എന്ന അവതാരകനോടുകൂടി ഞാനും യോജിക്കുന്നു. ഞങ്ങളെല്ലാവരുംകൂടി ഒരു സമുദായമാണെന്നു കൂടെ ആകർഷകൂടി സംഘടിച്ചു പറഞ്ഞാൽ അതല്ല എന്നു പറയുവാൻ എനിക്കു ധൈര്യമില്ല. വാസ്തവത്തിൽ റോമോസിറിയനും ലത്തീൻക്രസ്ത്യാനും ഒരെ ഒരു സമുദായമാണു് എന്നു പറയുന്നതിനു് ചരിത്രപരമായ പല കാരണങ്ങളുമുണ്ടു്. ഏതാണ്ടു് റോമൻകത്തോലിക്കരെല്ലാതായി

LIBRARY ARCHIVES Kerala Legislative Assembly

ത്തീരുവാൻ നിർഗ്ഗം സിദ്ധിച്ചിട്ടുള്ള റോമേതര സുറിയാനിക്കാർ ഒഴികെയുള്ളവരെല്ലാം

. . . . . .

മിസ്റ്റർ വി. ജെ. മത്തായി: ഓഹോ; എന്തു്?

മിസ്റ്റർ എം. എൽ. ജോസഫ്: യഥാർത്ഥ ലത്തീൻക്രസ്ത്യാനികളാണു്. എന്നാൽ കുറെ ആളുകൾ ഞങ്ങൾ ലത്തീൻക്രസ്ത്യാനികളാണു്, ഞങ്ങൾ റോമോസിറിയനാണു് എന്നു പറഞ്ഞാൽ അതു് സമ്മതിക്കാതെ തരമില്ലാതെയായിവന്നിരിക്കുന്നു. വേറെ കുറെ ആളുകൾ ചേർന്നു് ഞങ്ങൾ ഗ്രീക്കുക്രസ്ത്യാനികളാണെന്നു പറഞ്ഞുവന്നുകഴിഞ്ഞാൽ അതും സമ്മതിച്ചുകൊടുക്കാതെ നിവൃത്തിയില്ല. ഇങ്ങിനെ ഏതാനും ചില കിഴ്നടപ്പുകൊണ്ടോ, ഗവർമ്മെണ്ടു റിക്കാർട്ടുകൾകൊണ്ടോ ഒരു പാരമ്പര്യം അനുവദിച്ചുകൊടുത്തിട്ടുണ്ടെന്നുവെക്കുക. ആയതു ന്യായീകരിക്കത്തക്കതല്ലാഞ്ഞാൽതന്നെ അത്തരം സമുദായങ്ങൾ അനുഭവിക്കുന്ന പ്രത്യേക ആനുകൂല്യങ്ങൾ ഇല്ലാതാക്കുവാൻവേണ്ടി ആ സമുദായത്തിൽപെട്ടതായി ഈ സഭയിലുള്ള ഏതെങ്കിലും ഒരു മെമ്പർ ഇങ്ങനെയൊരു പ്രമേയം അവതരിപ്പിച്ചിരുന്നു എങ്കിൽ എനിക്കതോടുകൂടി യോജിക്കാൻ സന്തോഷമായിരുന്നു. ഞാൻ പ്രമേയത്തിന്റെ തത്വത്തോടനുകൂലിക്കുന്നു. പക്ഷെ പ്രമേയം ലത്തീൻക്രസ്ത്യനല്ലാത്ത ഒരാൾ അവതരിപ്പിച്ചതുകൊണ്ടു് അതിനെ എതുക്കുന്നു. ജൂതന്മാർ അനുഭവിക്കുന്ന വല്ല സാമുദായിക ആനുകൂല്യവും ഇല്ലാതെയാക്കാൻ ഒരു പ്രമേയം വരുന്നതു ഒരു ജൂതൻതന്നെ വേണം. അതുപോലെ മുഹമ്മദീയർക്കു ഇപ്പോൾ നിയമസഭാതെരഞ്ഞെടുപ്പിൽ അനുവദിച്ചിട്ടുള്ള സംവരണസമ്പ്രദായം വേണ്ടെന്നുപറയുവാൻ ഒരു മുഹമ്മദീയൻതന്നെവേണം. ഈഴവരുടെ പ്രത്യേക നിയോജകമണ്ഡലങ്ങൾ വേണ്ടെന്നുവെക്കാനുള്ള പ്രമേയം ഒരു ഈഴവൻതന്നെ കൊണ്ടുവരണം. ഈ പ്രമേയം ഒരു ലത്തീൻക്രസ്ത്യാനി കൊണ്ടുവരികയാണെങ്കിൽ ഞാൻ അതിനെ ഹാർദ്ദമായി സ്വാഗതം ചെയ്യുമായിരുന്നു.

Mr. M. L. Joseph *(Latin-Christians-Cranganur)*: I am constrained to oppose this resolution brought by my Hon'ble friend. Of course, at the outset I have to thank him for all the solicitude and sincerity that has been exhibited for our community by him. I can only submit that this solicitude and anxiety are unwanted so far as we are concerned.

At the time when the Franchise Committee met, there were a lot of memorandums individually and collectively representing that there should be special communal electorates. It was passed in various general body meetings and various parish meetings and I know there was a memorandum from the Latin Christians. Up to this date, this community has never wanted that this should be replaced by the kind of representation which my learned friend wants now. Of course, my friend was from the very inception of the Franchise Committee and even after that, exhibiting a sort of anxiety and nervousness, that is to say, that the Latin Christian communal electorate should be taken away and also taken into the fold of Syrian Christians. Fortunately or unfortunately it has been the tradition of this community to stand part. They had their own customs to follow and they had their own traditions. Simply because a few Syrian Christians are contracting marriages in the Latin Christian community, it does not mean that the Syrian Christians and the Latin Christians are one and the same community. My friend was so well saying "all are one" and things like that, and he was supporting the principle of communal rotation adopted by the Staff Selection Board. If he was so broad-minded enough as to think that the whole Christian community is one and the same, why should he support the principles of the Staff Selection Board. We have been able to understand an anxiety on the part of my Hon'ble friend from the very inception of this Council, and I can tell him that this sort of anxiety and solicitude on his part is quite unwanted and when we require his aid, we may go to his rescue. I speak as a representative of at least one-third of the population of my community.

Mr. A. V. Moothedan *(Chalakkudi)*: I question that.

Mr. M. L. Joseph *(Latin-Christians-Cranganur)*: You may question that. As representing one-third of my community I know that the general sense of my community is in favour of retaining this communal electorate. So long as it is not within the power of my Hon'ble friend to take away from them what has been granted to them once in pursuance of their requests, I earnestly appeal to my Hon'ble friend to look after the welfare of his own community and the interests of his own constituency before he jumps up to look after the interests of other communities. I earnestly request my friend to be at least consistent also in his exhibition to this Council. At one breath he says he supports the communal rotation in service, at the same breath, he would say that there should not be such a representation in the Council. Therefore, I oppose this resolution as representing one-third of my community.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ജെ മത്തായി: സർ, ഇവിടെ ഇതുവരെ കഴിഞ്ഞിട്ടുള്ള പ്രസംഗങ്ങളിൽ നിന്നും ഈ വിഷയത്തെപ്പറ്റി ഈ സഭക്ക് ബലമായ ഒരു തെറ്റിദ്ധാരണ വന്നിട്ടുണ്ടെന്നും എനിക്കു തോന്നിപ്പോകുന്നു. ഇപ്പോൾ ചില പരിരക്ഷകൾ നൽകപ്പെട്ടിട്ടുള്ള സമുദായങ്ങളിൽ നിന്നും ആ പരിരക്ഷകളെ തീരെ എടുത്തുകളയണമെന്നല്ല എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട മിസ്റ്റർ മൂത്തേടൻ വാദിക്കുന്നതു്. കുറേക്കൂടി വിശദമാക്കി പറയുകയാണെങ്കിൽ ഇവിടെ ലത്തീൻ ക്രസ്ത്യാനികൾക്കു കൊടുത്തിട്ടുള്ള മൂന്നു സ്ഥാനങ്ങൾ ഇല്ലായ്മചെയ്യണമെന്നു അദ്ദേഹം പറയുന്നില്ല. അതുപോലെതന്നെ ഈഴവസമുദായത്തിനു നൽകപ്പെട്ടിട്ടുള്ള ൪ സ്ഥാനങ്ങളും എടുത്തുകളയണമെന്നു അദ്ദേഹം പറയുന്നില്ല. അദ്ദേഹം പറയുന്നതു ഈ സ്ഥാനങ്ങളിലേക്കു സാമാജികന്മാരെ തിരഞ്ഞെടുത്തയക്കുന്നതിനു് വോട്ടുചെയ്യാനുള്ള അധികാരം ലത്തീൻ ക്രസ്ത്യാനികൾക്കൊ, ഈഴവക്കോ, മുസ്ലീമിങ്ങൾക്കോ മാത്രം പോര; എല്ലാ നിയോജകമണ്ഡലങ്ങളിലുമുള്ള എല്ലാ ജാതിമതസ്ഥർക്കും വോട്ടുചെയ്യാനുള്ള അവകാശം കൊടുക്കണമെന്നാണു്. ചുരുക്കിപ്പറയുന്നതായാൽ ഇവിടത്തെ മുസ്ലീമിങ്ങളുടെ കായ്ത്തിൽ നടന്നുവരുന്ന പതിവുപോലെ വേണമെന്നാണു് പറയുന്നതു്. മട്ടാഞ്ചേരിയിലും കൊടുങ്ങല്ലൂരിലും നില്ക്കുന്ന മുസ്ലീം സ്ഥാനാർത്ഥികളിൽ ആരാണു് യോഗ്യൻ, ആരാണു് അയോഗ്യൻ എന്നു നിശ്ചയിക്കുവാനും, രാജ്യത്തിന്റെ ശ്രേയസ്സിനും, രാജ്യത്തിന്റെ പൊതുവായ താല്പര്യങ്ങൾക്കുംവേണ്ടി പ്രയത്നിക്കുവാനുള്ള ശേഷിയും, ശേമുഷിയുമുള്ള സ്ഥാനാർത്ഥി ആരാണെന്നു നിശ്ചയിക്കുവാനും മുസ്ലീം സമുദായത്തിനു മാത്രമല്ല ബാദ്ധ്യതയുള്ളതെന്നും അതാതു ദിക്കിലെ എല്ലാ വ്യക്തികൾക്കും അതിനുള്ള അവകാശവും ബാദ്ധ്യതയുമുണ്ടെന്നുമാണു് മുസ്ലീം സമുദായത്തെ സംബന്ധിച്ചിടത്തോളം ഇവിടെ നടന്നുവരുന്ന സമ്പ്രദായം. മിസ്റ്റർ ഇബ്രാഹിമിനെ തിരഞ്ഞെടുത്തിട്ടുള്ളതു മുസ്ലീം സമുദായമല്ല. മതപരമായ നിലയിൽ അദ്ദേഹം ഒരു മുസ്ലീം ആണെങ്കിലും, മുസ്ലീമിങ്ങളെ മാത്രമല്ല അദ്ദേഹം പ്രതിനിധീകരിക്കുന്നതു്. മിസ്റ്റർ ഇബ്രാഹിം മുസ്ലീം പ്രതിനിധിയായിരുന്നാൽ അദ്ദേഹത്തിനു് ൩ അടി പൊക്കവും, ൩ അടി വണ്ണവുമുണ്ടായിരിക്കുമെങ്കിൽ ഇപ്പോൾ അദ്ദേഹം മറ്റെല്ലാ സമുദായക്കാരേയും പ്രതിനിധീകരിക്കുന്നതുകൊണ്ടു് ൬ അടി പൊക്കവും ൩ അടി വണ്ണവും വന്നിട്ടുണ്ടെന്നാണു് ഞാൻ പറയുന്നതു്. അദ്ദേഹം ഒരു സമുദായത്തിന്റെ പ്രതിനിധി മാത്രമല്ല.

ഞാൻ ഈ നിയമസഭയിൽ പ്രവേശിച്ചിട്ടു് ൪ കൊല്ലം ആയി. എനിക്കു ആദ്യമുണ്ടായിരുന്ന വാശിയും മറ്റും ഇപ്പോൾ മാഞ്ഞുപോയിരിക്കുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തമ്മിൽതല്ലാനുള്ള വാശി.

മിസ്റ്റർ വി. ജെ. മത്തായി: മിസ്റ്റർ പണിക്കരോടു തമ്മിൽ തല്ലുവാനുള്ള മനസ്സിന്റെ ശക്തി കുറഞ്ഞുപോയിട്ടില്ലെങ്കിലും അതിന്റെ ആവശ്യമുണ്ടെന്നു് എനിക്കു തോന്നുന്നില്ല. ഈ സംഗതിയെപ്പറ്റി പ്രതിപാദിച്ചിട്ടുള്ള ബഹുമാനപ്പെട്ട മെമ്പർമാരുടെ ഉദ്ദേശശുദ്ധിയെക്കുറിച്ചു് ഞാൻ അശേഷം വാദിക്കുന്നില്ല. അവരവരുടെ സമുദായങ്ങളുടെ പരിരക്ഷയെ ഉദ്ദേശിച്ചു മാത്രമാണു് അവർ പ്രസംഗിച്ചിട്ടുള്ളതെന്നു ഞാൻ മനസ്സിലാക്കുന്നു. എന്റെ സ്നേഹിതന്മാർ എന്ന നിലയിൽ അവരേയും, അവരുടെ സമുദായത്തിലുള്ള മറ്റംഗങ്ങളേയും എന്റെ എളിയ അഭിപ്രായം പറഞ്ഞു മനസ്സിലാക്കി എന്റെ അഭിപ്രായഗതിയുമായി അവരെ യോജിപ്പിക്കുവാനാണു് എനിക്കുദ്ദേശമുള്ളതു്. ആ ഉദ്ദേശത്തോടുകൂടി ഈ സംഗതിയെക്കുറിച്ചാലോചിച്ചുനോക്കുമ്പോൾ ഈ കൊച്ചി രാജ്യത്തിലെ സമുദായങ്ങളും വ്യത്യസ്തങ്ങളല്ല എന്നാണു് എനിക്കു് ആദ്യമായി സമഷ്ടിക്കുവാനുള്ളതു്. വടക്കെ ഇന്ത്യയിലെ സമ്പ്രദായമല്ല കൊച്ചി രാജ്യത്തുള്ളതു്. അതിനു പ്രത്യക്ഷമായ ഒരു തെളിവാണു് ഇന്നത്തെ ഡപ്യൂട്ടി പ്രസിഡണ്ടവർകളെ ഈ നിയമസഭയിലുള്ള എല്ലാവരും തിരഞ്ഞെടുത്തിട്ടുള്ളതു്. നിയമസഭയിൽ ൪ ഈഴവ പ്രതിനിധികൾ പോലിട്ടു നിന്നിരുന്ന എങ്കിൽ ഇന്നത്തെ ഡപ്യൂട്ടി പ്രസിഡണ്ടു് അവർകൾക്കു് ആ അഞ്ചു വോട്ടുകൾ മാത്രമേ ലഭിക്കുമായിരുന്നുള്ളൂ. മിസ്റ്റർ മൂത്തേടൻ പറഞ്ഞതുപോലെ എറണാകുളത്തു് ൯-ാം വാർഡിലെ തിരഞ്ഞെടുപ്പിന്റെ അനുഭവംപോലെ.....

മിസ്റ്റർ എം. എൽ. ജോസഫ്: On a point of order, I will explain. ആ അനുഭവം വെച്ചുനോക്കുകയാണെങ്കിൽ ഭൂരിപക്ഷം ലത്തീൻ ക്രസ്ത്യാനികളും മിസ്റ്റർ മൂത്തേടനു് വോട്ടുചെയ്തിരുന്ന എങ്കിൽ ആ സ്ഥാനം വേറൊരാൾക്കു കിട്ടുമോ?

മിസ്റ്റർ വി. ജെ. മത്തായി: അതു് വ്യക്തിപരമായ ഒരു സംഗതിയാണു്. മിസ്റ്റർ അയ്യപ്പനെ ഒരു പൊതുനിയോജകമണ്ഡലത്തിൽ സ്ഥാനാർത്ഥിയായി നിറുത്തിയാൽ അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

ജയിക്കുമെന്ന നിസ്സംശയം പറയാം. അതുപോലെ ആരെങ്കിലും രാജ്യസേവനം ചെയ്യുക യോ രാജ്യക്കാരുടെ ആവശ്യങ്ങൾക്കുവേണ്ടി പോരാടുകയോ ചെയ്തിട്ടുണ്ടെങ്കിൽ എല്ലാ സമുദാ യക്കാരും അയാൾക്കുവേണ്ടി വോട്ടുചെയ്യുമെന്നുള്ളതു് തീർച്ചയാണു്. ഈ നിയമസഭയുടെ കാര്യംവിട്ടു പുറത്തുള്ള വക്കീലന്മാരുടെ കാര്യം എടുക്കാം. ഒരാൾ നല്ല വക്കീലാണെങ്കിൽ അ യാളുടെ അടുക്കലെ എല്ലാവരും പോകുകയുള്ളു. തെക്കെ ഇന്ത്യയിൽ അധികവും ബ്രാഹ്മണ വക്കീലന്മാരുടെ അടുക്കലേക്കാണു് പോകുക. വില കുറച്ചു വില്ക്കുന്ന കച്ചവടക്കാർ എവി ടെയുണ്ടോ അവിടെയെ ആളുകൾ പോകുകയുള്ളു. അതുപോലെ നല്ല ഡോക്ടർമാർ ആരാ ണോ അവരുടെ അടുക്കലേക്കേ അധികമാളുകളും പോകുകയുള്ളു. വീടു പണിയുന്നതിനു നല്ല ആശാരിമാർ—അവർ ക്രസ്ത്യാനി ആശാരിയാണോ, നായർ ആശാരിയാണോ, നമ്പൂതി രി ആശാരിയാണോ എന്നൊന്നും നോക്കാതെ ആരാണോ, അവരെ മാത്രമേ വിളിക്കുകയുള്ളു. യഥാർത്ഥത്തിൽ കൊച്ചി രാജ്യത്തിൽ സമുദായവാദം ഇല്ല തന്നെ. വേറൊരു നിലയിൽ നോ ക്കുകയാണെങ്കിൽ ഇവിടെ സമുദായവാദം ഉണ്ടായിട്ടുള്ളതു് ഉദ്യോഗമാകുന്ന അപ്പക്കഷണ ങ്ങൾക്കും മീൻ കഷണങ്ങൾക്കും വേണ്ടിയാണു്. ഇന്നതെ പരിതസ്ഥിതിയിൽ ആലോചി ച്ചുനോക്കുമ്പോൾ ഞാൻ മനസ്സിലാക്കിയിട്ടുള്ളിടത്തോളം ഈഴവക്കു പ്രായപൂർത്തി വോട്ടവ കാശം കിട്ടിയാൽ ഞങ്ങൾക്കു സമുദായ പ്രാതിനിദ്ധ്യം വേണ്ട റിസർവേഷൻ മാത്രം മതിയെ ന്നവർ പറയും. ഈഴവസമുദായം ഇന്നു ആ നിലയിൽ എത്തിക്കഴിഞ്ഞു. ചുരുക്കിപ്പറയു കയാണെങ്കിൽ കൊച്ചി രാജ്യത്തിൽ സാമുദായിക വാദം എന്നല്ല, സാമുദായികബോധംത ന്നെയില്ല.

മിസ്റ്റർ എം. എൽ. ജോസഫ്: ബോധമില്ലാത്ത ആളുകളുണ്ടായേക്കാം.

മിസ്റ്റർ വി. ജെ. മത്തായി: ഇതിനൊക്കെ മറുപടി പറയുവാൻ വലിയ വിഷമമാണു്. ഞാൻ ഒന്നു പറഞ്ഞേക്കാം, മിസ്റ്റർ മത്തായി ഇടക്കു കയറി പറയുന്നതൊന്നും ഗൌനിക്കുന്ന തല്ലെന്നു ഇതാ നോട്ടീസ്സു പതിച്ചിരിക്കുന്നു. അതിനുവേണ്ടി സമയം കളയുവാൻ വളരെ വിഷമമുണ്ടു്.

എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഈ ഒ കൊല്ലത്തിനുള്ളിൽ മാത്ര മല്ല, ഞാൻ ജനിച്ചതു മുതൽ ഇന്നിവിടെ ഇരിക്കുന്നതുവരെയും സമുദായ പ്രതിനിദ്ധ്യം വേണ്ടെന്നുള്ള പക്ഷക്കാരനാണു്. രണ്ടാമതായി ആലോചിച്ചുനോക്കിയാൽ സാമുദായിക ബോധമുണ്ടെങ്കിൽതന്നെയും നമ്മുടെ രാജ്യത്തിന്റെയും നമ്മുടെയും ഉന്നമനത്തിനും രക്ഷക്കും വേണ്ടി ആ സാമുദായികബോധത്തെ ഇല്ലാതാക്കണമെന്നുള്ളതു് സർവ്വ രാഷ്ട്രീയചിന്തകന്മാരും ഒന്നുപോലെ സമ്മതിക്കുന്ന ഒരു സംഗതിയാണു്. കോൺഗ്രസ്സായാലും വേണ്ടില്ല മറ്റാരാ യാലും വേണ്ടില്ല, സാമുദായികബോധമുണ്ടോ അതു മാറിക്കിട്ടുകയണം. അതു മാറുവാനാ യിട്ടുള്ള ഏറ്റവും പ്രധാനമായ ഒരു പ്രതിവിധി പൊതുനിയോജകമണ്ഡലത്തിൽ ഒരു സ്ഥാ നാർത്ഥിക്കു പൊതുവെ വോട്ടുചെയ്യുകയെന്നുള്ളതാണെന്നു് എല്ലാവരും സമ്മതിക്കുന്ന ഒരു സംഗതിയാണു്. കൊച്ചി രാജ്യത്തു് ഈഴവരും ക്രസ്ത്യാനികളും തമ്മിലും, നായന്മാരും ഈ ഴവരും തമ്മിലും എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങളുണ്ടോ അതിനേക്കാൾ ആയിരമോ, പതിനായിരമോ, ലക്ഷമോ ഇരട്ടി അഭിപ്രായവ്യത്യാസങ്ങൾ ജനവിഭാഗങ്ങൾ തമ്മിൽ ഇംഗ്ലണ്ടിലും അമേരിക്കയിലുമുണ്ടായിരുന്നു. സ്കോട്ട്ലണ്ടിൽ കത്തോലിക്കനെക്കണ്ടാൽ പ്രോട്ട സ്റ്റൻറ്സ് വെടിവെച്ചു കൊല്ലുക പതിവായിരുന്നു. ഫ്രാൻസിൽ ഒരു രാത്രി പ്രോട്ടസ്റ്റൻറുകാ രുടെ വീടുകൾക്കടയാളംകൊടുത്തു് എല്ലാവരേയും കൊന്നു; ക്രൂരക്കൊല നടത്തി. അന്നവിട ത്തെ രാജാവായിരുന്നതു് ഒരു പ്രൊട്ടസ്റ്റൻറുകാരനായിരുന്നു എങ്കിലും കത്തോലിക്കരുടെ ശക്തി കൊണ്ടും ഉദ്വേഗംകൊണ്ടും പ്രൊട്ടസ്റ്റൻറ്സിനെ എല്ലാം കൊന്നുകളഞ്ഞു. അതുപോലെതന്നെ ഇംഗ്ലണ്ടിൽ യേശുക്രിസ്തുവിനെ വേറൊരുവിധത്തിൽ ആരാധിക്കുന്നവരെ വേർതിരിച്ചു നിർ ത്തിയിരുന്നു. അങ്ങിനെയുള്ള തടസ്സങ്ങളെല്ലാം ഇന്നു മാഞ്ഞുപോയിരിക്കുന്നു. ഇംഗ്ലണ്ടിൽ ഡി സ്രേലി എന്നു ഒരു ജൂതൻ പ്രധാനമന്ത്രിയായിരുന്നു. അയാൾ ജാതിയിൽ ക്രസ്ത്യാനികളുടെ ശത്രുവാണെന്നു് ഹിറ്റ്ലർ പറയുന്ന ജൂതനാണു്. ഇംഗ്ലണ്ടിലും അമേരിക്കയിലുമെല്ലാം മുമ്പുണ്ടായിരുന്ന സർവ്വ കുഴപ്പങ്ങളും മാറി ഇപ്പോൾ അവിടെ പൊതുനിയോജകമണ്ഡലങ്ങ ളാക്കിയിരിക്കുന്നു. ഒരു ഈഴവൻ ഒരു നിയോജകമണ്ഡലത്തിൽ നിന്നാൽ ആ നിയോജ കമണ്ഡലത്തിലെ വോട്ടർമാക്കെല്ലാം ജാതിമതഭേദം കൂടാതെ വോട്ടുചെയ്യുവാൻ അവകാശ മുള്ളപക്ഷം ആ ഈഴവനു് അവന്റെ ഈഴവത്വം പരിക്ലേശം ഇല്ലാതാകും. അയാൾക്കു് എല്ലാവരേയും സേവിക്കണമെന്നുള്ള ആഗ്രഹം മാത്രമേ ഉണ്ടാകയുള്ളു. അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഈഴവക്ക മറവള്ള നിയോജകമണ്ഡലങ്ങളിൽക്കൂടി വോട്ടവകാശമുണ്ടെങ്കിൽ തീച്ചയായും ഇന്നത്തെ ൫ ഈഴവക്ക പകരം ഈ നിയമസഭയിൽ ൭൫ ഈഴവമെമ്പർമാരുണ്ടായിരിക്കും. എറണാകുളത്തെ പ്രതിനിധീകരിക്കുന്ന മിസ്റ്റർ മാറായി നാണുമേനോൻ ഈഴവരുടെ വോട്ട് ആവശ്യപ്പെട്ടേനെ.

മിസ്റ്റർ എം. നാണുമേനോൻ: നാണുമേനോൻ ഈഴവനാകുമോ ?

മിസ്റ്റർ വി. ജെ. മത്തായി: പക്ഷെ മനഃസ്ഥിതി കൊണ്ട് ഈഴവനംക്രൂടി ആയേനെ. ഒരു നായർ ഒരു നിയോജകമണ്ഡലത്തിൽ സ്ഥാനാർത്ഥിയായി നിന്നാൽ ഈഴവരുടെ അടുക്കലും യാചിക്കണം. പ്രാപ്തിയുള്ള ആളുകൾക്ക വോട്ടകിട്ടും.

വിദ്യാഭ്യാസവും സമുന്നതിയും കിട്ടിയിട്ടുള്ള ഈ കൊച്ചി രാജ്യത്തിൽ പ്രത്യേക വോട്ടവകാശം ആവശ്യമില്ല. ഉദാഹരണമായി ൭൫ ശതമാനം ലത്തീൻ ക്രസ്ത്യാനികളുള്ള ഒരു നിയോജകമണ്ഡലത്തിൽ ൨൫ ശതമാനം വോട്ടകാർ മാത്രമേ ഒരു ലത്തീൻ ക്രസ്ത്യാനിക്ക കിട്ടിയുള്ളു. ആ സ്ഥിതിക്ക പ്രായോഗികവശം നോക്കിയാലും ഇതിന്റെ തത്വം സ്വീകരിക്കുന്നതിനു യാതൊരു വിഷമവുമില്ല. ഈഴവക്ക പൊതുനിയോജകമണ്ഡലത്തിൽ നില്ക്കുവാൻ മറവ സമുദായങ്ങളുടെ സഹകരണംക്കൂടിയുണ്ടെങ്കിലേ സാധിക്കുകയുള്ളു. അതിനു വേണ്ട ധനശക്തി അവക്കില്ല എന്നുള്ള ഒരു സംശയമുണ്ട്. അതിലേക്ക പടിപടിയായി പ്രവേശിക്കുകയല്ലാതെ എടുത്തുചാടണമെന്നു ഞാൻ പറയുന്നില്ല. ഈഴവക്ക കൊടുത്തിട്ടുള്ള ൫ സീറവകാം എടുത്തുകളയണമെന്നോ, ലത്തീൻ ക്രസ്ത്യാനികളുടെ ൩ സീറവകാം എടുത്തുകളയണമെന്നോ അല്ല ഈ പ്രമേയത്തിൽ അടങ്ങീട്ടുള്ള തത്വം. ഈഴവർ അധികം താമസിക്കുന്ന പ്രദേശങ്ങളിൽ ഈഴവനു സ്ഥാനം നിശ്ചയിച്ച് അയാളുടെ യോഗ്യതകളെ നിശ്ചയിക്കുവാനുള്ള അധികാരം കൊടുക്കണം. എന്നാൽ ഇവിടെ വരുന്ന ഈഴവർ ഈഴവരുടെ കാര്യം മാത്രം പറയുവാനുള്ള വക്കീലന്മാരല്ല. രാജ്യത്തിന്റെ പൊതുനന്മയെ ലാക്കാക്കി പ്രവൃത്തിക്കേണ്ടവരാണ്. ഈഴവക്കുവേണ്ടി മാത്രം വാദിക്കുന്ന ഈഴവരേയും മുസ്ലീമിങ്ങൾക്കുവേണ്ടി മാത്രം വാദിക്കുന്ന മുസ്ലീമിങ്ങളേയും, ലത്തീൻ ക്രസ്ത്യാനികൾക്കുവേണ്ടി മാത്രം വാദിക്കുന്ന ലത്തീൻ ക്രസ്ത്യാനികളേയും തിരഞ്ഞെടുത്തയക്കാൻ ഇടവരരുത്. രാജ്യത്തിന്റെ പൊതുനന്മക്കുവേണ്ടി പ്രവൃത്തിക്കുന്നവരായിരിക്കണം ഈഴവർ തന്നെയായാലും. ഇതു് എത്രയും തത്വപരമായും, പ്രായോഗികമായ നിലയ്ക്ൽ ഹാനികരമല്ലാത്തതുമായ ഒരു പ്രമേയമാണ്. ഇതിന്റെ തത്വത്തെ ഞാൻ അനുകൂലിക്കുന്നു. ചിലക്ക ചില ശങ്കകൾ ഉണ്ടായതുകൊണ്ട് ഇതിനെ എതിർത്തതാണെന്നു ഞാൻ വിചാരിക്കുന്നു. ആ ആശങ്കകൾക്ക യാതൊരു വഴിയുമില്ലെന്നു ഞാൻ അവരെ ഓർമ്മിപ്പിക്കുന്നു. ഇത്രമാത്രമേ എനിക്ക പറയുവാനുള്ളൂ

Mr. Parambi Lonappan *(Diwan Peishkar)*: Government oppose this resolution. They will have to oppose the motion on the ground that the representative of the two communities which have got special electorates are not for this motion. All members have heard the pros and cons of this resolution. I don't think it is necessary for me to dilate further. I only say that since the representatives in this House namely of the Ezhuvas and the Latin Christians, have strongly opposed this motion, Government are not prepared to support the resolution.

Mr. A. V. Moothedan *(Chalakkudi)*: I think, I must explain some of the points covered by the speeches. The whole thing is proceeding on misunderstanding and therefore I cannot but explain. What is the motion? It is this: This Council recommends to the Government that a committee be appointed for the purpose of suggesting ways and means for the abolition of special communal electorates in the State." I never wanted to abolish 3 seats for the Latin Christians and the 5 seats for the Ezhuvas.

Deputy President: Nor did you say that those seats should be retained. But you clearly say that the communal electorates should be abolished.

Mr. A. V. Moothedan *(Chalakkudi)*: I have stated that before. You have to read the resolutions. Should I say everything that is in my mind in the resolution? Then it will cover five pages. I have put it in succinct form. The special communal electorate is the mode of election. I wanted to modify that form of election. I never wanted representations given to the Ezhuvas should be reduced. What I say is the mode of election should be changed. I have repeatedly said joint electorate with reservation of seats. If the hon'ble members cannot understand that and if they without thinking for a minute blindly oppose the resolution. They are doing a great injustice to the community. If you cannot understand, you must ask people who can understand it.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്". പണിക്കർ: സമുദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ളതാണെന്നറിയാം. പക്ഷെ അതിന്റെ wording മാത്രം തെറ്റിപ്പോയിയെന്നേയുള്ളൂ.

Mr. A. V. Moothedan *(Chalakkudi)*: You could have just asked me. Latin Christian community consists of three sub-committees. They are known as 700, 500 and 300. These 500 and 300 never give representation. There is no difference between the 700 and the Romo Syrians. These 300 and 500 are down-trodden people.

Mr. M. L. Joseph *(Latin-Christians-Cranganur)*: There are sub-divisions among my friend's community also.

Mr. A. V. Moothedan *(Chalakkudi)*: You want the monopoly of Latin Christians ignoring the claims of 500 and 300.

Mr. M. L. Joseph *(Latin-Christians-Cranganur)*: I don't want the monopoly of Latin Christians.

Mr. A. V. Moothedan *(Chalakkudi)*: Mr. K. J. Augustine, Professor of the Maharaja's College, poor man, was acting there for five years, and Mr. Papally of the 700 came and then Mr. Augustine became a Headmaster. He was sent away from the College.

Mr. M. L. Joseph *(Latin-Christians-Cranganur)*: I wish to correct that. No Latin Christian has made any representation for or on behalf of the other. It was all Government's doing. I think it is better for my learned friend not to make such remarks.

Mr. A. V. Moothedan *(Chalakkudi)*: My friend said that this motion is against my principle of communal representation. My point is there is no difference between Latin Christians and Romo Syrians. Therefore there is no inconsistency.

Mr. M. L. Joseph *(Latin-Christians-Cranganur)*: Before my friend begins to explain, I would like to be explained why there is any necessity of two Arch Bishops and two Dioceses.

Mr. A. V. Moothedan *(Chalakkudi)*: I will explain that. There are three Dioceses, The Ernakulam Dioces the Verapoly Dioces and the Trichur Dioces. In fact all the officers sitting there belong to the Trichur Dioces—Ernakulam nobody. Besides there is Cochin Diocese. Do the members of these several Dioceses constitute different communities. It is about the Latin Christian is nowhere defined. We can be Latin Christians

Deputy President: You establish there is no distinction. That will not help your resolution.

Mr. A. V. Moothedan *(Chalakkudi)*: We belong to Trichur or Ernakulam.

Deputy President: You are prepared to give them three seats. If there is no distinction, why should you give three seats?

Mr. A. V. Moothedan *(Chalakkudi)*: I am not very particular about that. If they want 3 seats I won't oppose. All these are consistent with my argument. If they get more seats, my community is benefited because they all belong to one and the same community. There is nothing inconsistent in that. The point is whether they require any safeguards. Regarding their backwardness, I will give two instances. Mr. O. R. Chummar was returned from Narakkal rejecting a prominent Hindu Nayar. Narakkal constituency, consisting of mostly Romo Syrians, though Mr. O. R. Chummar was a Latin Christian. What does it show? We have no distinction. Mr. P. C. Varkkey in 1110 election, was a candidate for Ernakulam North, and his rival was Mr. P. V. Kurian, a prominent Jacobite. Mr. Varkkey was able to defeat Mr. Kurian a Syrian Christian, who was the son of a prominent vakil. Therefore Latin Christians are a powerful community. They do not require any safeguards. Even if no safeguards are given, they will get three seats. If they want reservation in the general electorates, I will not oppose. If the Ezhuvas want 58 seats, let them have it but we must have a voice in their election. We will then teach a lesson to Mr. Panickar, Mr. Joseph and Mr. Peter, In the last Ernakulam Municipal election, Mr. Marayil Nanu Menon was a candidate for Chairmanship. Mr. Bhaskara Menon and Mr. M. L. Joseph were other candidates. There were three Latin Christian councillors. Mr. Joseph's candidature was proposed by a Latin Christian and seconded by a Romo Syrian. When votes were taken, he got two votes. That shows even their own people do not vote for him. Still he boasts that he represents one-third of the Latin Christians.

Mr. M. L. Joseph *(Latin-Christians-Cranganur)*: Because the man who seconded fell back. It was a Romo Syrian who played that humbug.

Mr. A. V. Moothedan *(Chalakkudi)*: I think it is uncharitable. He was proposed by a Latin Christian and seconded by a Romo Syrian. These are the two votes you secured.

Deputy President: You discuss the resolution as it were.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. V. Moothedan *(Chalakkudi):* My point is that Latin Christians are not so communal-minded as these gentlemen in the council. The rank and file of the Latin Christians do not want communalism. I don't know why. Since so many members are absent I do not challenge for a division. Hence I may be allowed to withdraw the motion.

Resolution, by leave, withdrawn

The House rose for the day at 4-50 p.m.

K. S. RAGHAVAN
Secretary to the Council

APPENDIX I

We, the members of the Select Committee appointed to consider the Bill to amend the Cochin Registration of Literary, Scientific and Charitable Societies Act, have the honour to submit the following report.—

The Committee held 10 meetings in all. At the first meeting, the Committee resolved to gather from the Registrar of Joint Stock Companies particulars of the Societies registered under the Act, their number, classification, financial condition, etc. It was also decided to call for suggestions and opinions from the public on the provisions of the Bill and to record the evidence of those desirous of making representations, after due publication of the date of the meeting in the Gazette. The Bill was then published in Malayalam and evidence was taken. The statements required to be submitted by the Registrar of Joint Stock Companies were received in respect of 123 societies out of 139 societies registered under the Act.

The provisions of the Bill were discussed by the members and the following conclusions were arrived at.—

1. Government may retain power to call for accounts and inspect books.
2. They may review the reports of inspection and pass such orders as they may deem fit.
3. They may fine or remove any member or servant of the governing body who wilfully or contumaciously disobeys the orders passed by Government in the above matters.
4. Government should retain power to fill up vacancies caused by the removal or dismissal of members of the governing body when it is necessary in the interests of the Society.
5. While Government may have the powers specified above, generally, the court having jurisdiction should have the powers for dissolution of the Society, framing a scheme for management, handing over the surplus assets of a dissolved society to another society, etc. Where the application is by the members of the Society a cash security of Rs 100 towards costs should be deposited.
6. On the dissolution of a society the court may, if the Government are willing to accept the management of the Society, order that such management shall be handed over to Government.
7. There should also be provision for appeals against orders passed under the above provisions.
8. Provision should also be made prescribing the Court fees in respect of applications and appeals referred to above.
9. The Bill has been redrafted and these provisions incorporated therein. A copy of the Bill as redrafted is annexed to this Report.
10. The original Bill was published in English in the Cochin Government Gazette, dated 2nd Meenam 1116 and the Malayalam translation was published in the Gazette, dated 4th Edavam 1116.
11. As the Bill in its modified form introduces substantial changes, the same requires re-publication.

1. RAMA VARMHA TAMPURAN (Secretary to Government), *Chairman*, (Sd.)
2. Mr. T. S. RAMACHANDRA AYYAR, (Sd.)
3. Mr. C. V. IYYU, (Sd.)
4. Mr. C. J. LUIZ, (Sd.)
5. Mr. M. SIVARAMA MENON (Advocate-General) (Sd.)

LIBRARY ARCHIVES Kerala Legislative Assembly